**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 527**

**08.08.2017 - ൽ മറുപടിക്ക്.**

## വിവിധ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നതിന് നടപടി

<u>ചോദ്യം</u>
ശ്രീ. ഒ. രാജഗോപാൽ.

**<u>മറുപടി</u>**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി).**

(എ) കേരളത്തിന്റെ തനതായ വിഭവ സ്രോതസ്സുകളായ അപൂർവ ലോഹമണൽ, സുഗന്ധ ദ്രവ്യങ്ങൾ, ഔഷധച്ചെടികൾ, ശുദ്ധജലം, ജനങ്ങളുടെ മെച്ച പ്പെട്ട ബൗദ്ധിക സമ്പത്ത്, വന സമ്പത്ത്, മത്സ്യ സമ്പത്ത് എന്നിവയുടെയും ഡിമാന്റിന്റെയും അടിസ്ഥാനത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നതിന് കേരളത്തിന് കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ ?

(എ) : ലോഹമണൽ, സുഗന്ധ ദ്രവ്യങ്ങൾ, ഔഷധച്ചെടികൾ, ശുദ്ധജലം, വന സമ്പത്ത്, മത്സ്യ സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിലുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ ബൗദ്ധിക സമ്പത്ത് ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നുമുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ, ലൈസൻസ് ക്ലിയറൻസിനുള്ള കാലതാമസം, ഭൂമിയുടെ ലഭ്യതക്കുറവ്, സംരംഭകത്വ മനോഭാവത്തിന്റെ അഭാവം തുടങ്ങിയവ അവസരങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തുന്നതിന് വിഘാതമായിട്ടുണ്ട്.

ഈ തടസ്സങ്ങൾ മാറ്റി സുതാര്യമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

ജക/01/08